നമ്പർ - എൻ2/35011/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി. 29/06/2015
Phone: 0471-2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം - പൊതു വിദ്യാഭ്യാസം- ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീം 2015 -16 - അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന - കേന്ദ്ര സർക്കാർ കത്ത് നം. എഫ് . 12/1/2015-എസ്.എസ് തീയതി.22/04/2015, 17/03/2015,18/05/2015

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ :-

1. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് (സർക്കാർ അംഗീകൃതം), അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിൽ **I** മുതൽ **X** വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി, ജൈൻ എന്നീ ന്യൂനപക്ഷമതവിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. **2015-16** ലെ ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള **"N2/35011/2015/DPI"** നമ്പർ അപേക്ഷാഫോറം, **www.scholarship.itschool.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ശ്രദ്ധയോടെ പൂരിപ്പിച്ച്, അതാത് സ്കൂളധികാരി മുമ്പാകെ, നിശ്ചിത തീയതിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

3. അപേക്ഷകൾ പൂരിപ്പിക്കുന്നതിന് അദ്ധ്യാപകരുടെ സേവനം ആവശ്യപ്പെടാവുന്നതാണ്.

4. മുൻവർഷം ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് തുക ലഭിച്ചവർ നിർബന്ധമായും അപേക്ഷയിലെ **RENEWAL** കോളം "✓" മാർക്ക് ചെയ്യേണ്ടതാണ്. (നടപ്പുവർഷം പുതിയ സ്കൂളിൽ പ്രവേശനം നേടിയവർ, മുൻവർഷം പഠിച്ചിരുന്ന സ്കൂളിൽ നിന്നും ഹെഡ്മാസ്റ്റർ നൽകുന്ന സ്കോളർഷിപ്പ് സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്).

5. അപേക്ഷയിലെ **PART–I** ശ്രദ്ധയോടെ പൂരിപ്പിച്ച്, നിശ്ചിത കോളത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച്, രക്ഷകർത്താവിന്റെ വാർഷികവരുമാനം, മതം എന്നിവയുടെ സത്യവാങ്മൂലത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്. (വർഷിക വരുമാനം തെളിയിക്കുന്നതിന്, സ്വയംതൊഴിൽ ചെയ്യുന്നവർ, സ്വയം സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലവും, സ്ഥിരം തൊഴിലുള്ളവർ, തൊഴിലുടമ നൽകുന്ന സർട്ടിഫിക്കറ്റും, മതം തെളിയിക്കുന്നതിന്, എല്ലാ വിഭാഗവും സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും ഹാജരാക്കേണ്ടതാണ്. **മാതൃക അപേക്ഷയുടെ അവസാനം ചേർത്തിരിക്കുന്നത് കാണുക).**

6. സ്കൂൾരേഖയിലുള്ള ജനനതീയതി ഉൾപ്പെടെയുള്ള വിവരങ്ങളാണ് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്. (ആവശ്യമെങ്കിൽ അദ്ധ്യാപകരുടെ സഹായം സ്വീകരിക്കേണ്ടതാണ്).

7. അപേക്ഷയിലെ നിശ്ചിത കോളങ്ങളിൽ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും അപേക്ഷകന്റെ പേരിൽ ലഭിച്ച **Bank Account Number, IFS Code, Name of Bank** (ചുരുക്കപ്പേര് - ഉദാ: **SBT,SBI, KGB, SIB etc.**.) എന്നിവ ഒരക്കംപോലും ഒഴിവാകാതെ ശ്രദ്ധയോടെ രേഖപ്പെടുത്തിയിരിക്കണം. തെറ്റായ ബാങ്ക് വിവരങ്ങൾ രേഖപ്പെടുത്തുന്ന അപേക്ഷകരെ, സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിന് പരിഗണിക്കുന്നതല്ല.

8. അപേക്ഷയിൽ കുട്ടി നിർബന്ധമായും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. ( I മുതൽ V വരെയുള്ള ക്ലാസ്സുകളിലെ അപേക്ഷകരുടെ രക്ഷകർത്താക്കൾ ഒപ്പ് രേഖപ്പെടുത്തിയാൽ മതിയാകും)

9. **രക്ഷകർത്താവിന്റെ മൊബൈൽ ഫോൺ നമ്പർ നിശ്ചിത കോളത്തിൽ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.**

10. അപൂർണ്ണവും, അവസാന തീയതിയ്ക്കുശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

11. **I മുതൽ VIII വരെ ക്ലാസ്സുകളിൽ നിന്നുള്ള അപേക്ഷകൾ, www.scholarship.itschool.gov.in എന്ന വെബ്സൈറ്റിലേയ്ക്ക് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർ മുഖേന Log - in ചെയ്യേണ്ടതാണ്.**

12. **IX, X ക്ലാസ്സുകളിൽ നിന്നുള്ള അപേക്ഷകൾ, കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച്, National Scholarship Portal (NSP) ലെ, www.scholarships.gov.in എന്ന വെബ്സൈറ്റിലേയ്ക്ക് Register ചെയ്യേണ്ടതാണ്. Register ചെയ്യുമ്പോൾ ലഭിക്കുന്ന COD NUMBER OR REGISTRATION NUMBER (മൊബൈലിലേയ്ക്ക് മെസേജ് മുഖേന ലഭിക്കുന്നതാണ്) തുടർന്നുള്ള അന്വേഷണങ്ങൾക്കായി നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**(ഇൻചാർജ്ജ്)**

**പകർപ്പ്:-**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ സ്കൂളധികാരികൾക്കും (ഡി.ഇ.ഒ/എ.ഇ.ഒ.മുഖേന)
4. എല്ലാ കളക്ടറേറ്റുകളിലെയും ന്യൂനപക്ഷ സെല്ലുകളിലേയ്ക്ക്
5. കരുതൽ ഫയൽ.